(ബി) ഇതുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പാടിയോട്ടുചാൽ സെക്ഷൻ ഓഫീസ് വിഭജിച്ച് ചെരുപുഴയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം, സെക്ഷൻ ഓഫീസ് വിഭജനത്തിനുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക്

113 (480) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഏതെല്ലാം ഇനത്തിൽ വർദ്ധിപ്പിച്ച നിരക്കുകൾ ഈടാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഇനങ്ങളിലെ നിരക്ക് വർദ്ധനവിലൂടെ കെ.എസ്.ഇ.ബി. യുടെ വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) മൂന്ന് പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് പുതുക്കിയ നിരക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ഇനം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ 1-7-2012 മുതൽ നടപ്പാക്കിയ വൈദ്യുതി ചാർജ് വർദ്ധനവിലൂടെ പ്രതിവർഷം 1,257 കോടി രൂപയുടെയും 2013-14-ൽ 1-5-2013 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 642.47 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ 16-8-2014 മുതൽ നടപ്പാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം 600 കോടി രൂപയുടെയും അധിക വരുമാനം കണക്കാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly